ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യത്തിൽ ഇറക്കിയ ഗവണ്മെന്റ് ഉത്തരവ് ക്ഷേമനിധി ബോർഡുകൾക്ക് ബാധകമല്ല. ക്ഷേമനിധി ബോർഡുകളിലെ വികലാംഗരായ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം അതാത് ഡയറക്ടർ ബോർഡുകളാണ് തീരുമാനിക്കേണ്ടത്.

*(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)*

# II. അടിയന്തിര പ്രമേയം

## ലോറി ഡ്രൈവർക്കു നേരെ ഉണ്ടായതായി പറയപ്പെടുന്ന പോലീസ് മർദ്ദനം

മി. സ്പീക്കർ : ലോറി ഡ്രൈവറും, വള്ളക്കടവ് സുലൈമാൻ തെരുവിൽ താമസക്കാരനുമായ ഷാഹുൽ ഹമീദ് ലോറി ഓടിച്ചു പോകവെ, ട്രാഫിക് പോലീസ് തടഞ്ഞുനിറുത്തി സ്റ്റേഷനിൽ കൊണ്ടുപോയി മർദ്ദിച്ചതിനെത്തുടർന്നു ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം 50-ാം ചട്ടപ്രകാരം സഭാ നടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ .പാലോട് രവി, ചെർക്കളം അബ്ദുള്ള, സി.എഫ്.തോമസ്, ജോണി നെല്ലൂർ എന്നീ അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസ മേനോൻ) : സർ, 2000 ഫെബ്രുവരി 23-ാം തീയതി വൈകുന്നേരം സിറ്റി ട്രാഫിക് പോലീസ് ഉദ്യോഗസ്ഥന്മാർ വാഹന പരിശോധന നടത്തുന്നതിനിടയിൽ കെ.സി.ടി. 779-ാം നമ്പർ ലോറി അപകടമുണ്ടാകുന്ന തരത്തിൽ ഓടിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നു ട്രാഫിക് സർക്കിൾ ഇൻസ്പെക്ടർ ലോറി തടഞ്ഞുനിറുത്തി രേഖകൾ പരിശോധിക്കുകയും ലോറി ഡ്രൈവർ വള്ളക്കടവു സ്വദേശി ഷാഹുൽ ഹമീദിനെ ലോറിയോടൊപ്പം ട്രാഫിക് പോലീസ് സ്റ്റേഷനിലേക്കു കൊണ്ടുപോകുകയും ചെയ്തു. ലോറിയും വാഴക്കുലകളും പോലീസ് കസ്റ്റഡിയിലെടുത്തു. ട്രാഫിക് പോലീസ് സ്റ്റേഷനിൽ ക്രൈം 372-ാം നമ്പർ ആയി ഒരു കേസ് രജിസ്റ്റർ ചെയ്തു. ലോറിയും വാഴക്കുലകളും തിരുവനന്തപുരം ജുഡീഷ്യൽ മജിസ്ട്രേട്ടു മുമ്പാകെ ഹാജരാക്കി. കോടതി വാഴക്കുലകൾ ലേലം ചെയ്തു കൊടുക്കുന്നതിനായി പരസ്യം ചെയ്യുകയും ലേലം വിളിച്ച വില കോടതി സ്വീകരിച്ചിട്ടുള്ളതുമാണ്. ഷാഹുൽ ഹമീദിനെ പോലീസ് മർദ്ദിച്ചുവെന്നും ചികിത്സ ആവശ്യമായി വന്നതിനെത്തുടർന്ന് തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ചികിൽസയ്ക്കായി അയയ്ക്കുകയും അവിടെനിന്നും തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ അയയ്ക്കുകയും ചെയ്തു. പോലീസ് മർദ്ദനമേറ്റാണ് തനിക്ക് പരിക്കു പറ്റിയതെന്നാണ് ഷാഹുൽ ഹമീദ് മൊഴി നൽകിയിട്ടുള്ളത്. മർദ്ദനം നടത്തിയിട്ടില്ലെന്നും സ്റ്റേഷനിൽ തളർന്നു വീണതിനാലാണ് ഷാഹുൽ ഹമീദിന് പരിക്കു പറ്റിയതെന്നുമാണ് ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസിന്റെ മൊഴി. ഇക്കാര്യം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്താനും ആവശ്യമായ നടപടി സ്വീകരിക്കാനും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ രണ്ട് ആസ്പെ

LIBRARY ARCHIVES Kerala Legislative Assembly

ക്ടുണ്ട്. ഒന്ന്. Rash and Negligent Driving അതൊരു penal offence ആണ്. Rash and Negligent Driving - ന് ഇവിടെ കേസെടുത്തിട്ടുണ്ട്. അതിന് അയാളെ അറസ്റ്റുചെയ്യുക, കേസെടുക്കുക ലോറി സീസ് ചെയ്യുക ഇതിനൊക്കെ അധികാരമുണ്ട്. പക്ഷെ ഒരാളെയും സ്റ്റേഷനിൽ വച്ച് മർദ്ദിക്കാൻ അധികാരമില്ല. ഇവിടെ മർദ്ദിച്ചുവെന്നാണ് ആക്ഷേപം വന്നിട്ടുള്ളത്. നിശ്ചയമായും ഇതിനെ സംബന്ധിച്ച് നിഷ്പക്ഷമായി ഗവൺമെന്റ് അന്വേഷണം നടത്താൻ ആവശ്യപ്പെടും. അങ്ങനെ അദ്ദേഹത്തെ സ്റ്റേഷനിൽ വച്ച് മർദ്ദിച്ചിട്ടുണ്ടെങ്കിൽ-ഉണ്ടെന്നാണല്ലോ ഇന്നലെ അദ്ദേഹത്തിന്റെ മൊഴി, ആ മൊഴിയനുസരിച്ച് ആ കാര്യത്തിൽ നിഷ്പക്ഷയായ അന്വേഷണം നടത്തി നിയമപരമായ നടപടിയെടുക്കും

ശ്രീ. പാലോട് രവി : സർ, അങ്ങ് കമ്മ്യൂണിസ്റ്റു പാർട്ടിയെ പ്രതിനിധീകരിക്കുന്ന മന്ത്രിയാണ്. ഈ സംഭവം നടന്നത് മുഖ്യമന്ത്രിയുടെ ഓഫീസിനു മുമ്പിലാണ്. ഇന്ന് പുറത്തിറങ്ങിയിട്ടുള്ള എല്ലാ പത്രങ്ങളിലും അങ്ങു വായിക്കുന്ന എല്ലാ പത്രങ്ങളിലും കണ്ടുകാണും. ഞാൻ എല്ലാ പത്രവും ഇവിടെ വായിക്കുന്നില്ല. തിരുനെൽവേലിയിൽ നിന്നും കോഴിക്കോട്ടേക്ക് വാഴക്കുല കയറ്റി പോകുകയായിരുന്ന ലോറി കരമന വിമൻസ് കോളേജ് കഴിഞ്ഞാലുള്ള ഒരു ഒഴിഞ്ഞ ജംഗ്ഷനിൽ വച്ച് തടഞ്ഞുനിറുത്തി. ഇത്രയും സാധനം കയറ്റിക്കൊണ്ടുവരുന്ന ലോറി വാഹനം റാഷായി ഓടിക്കാൻ പറ്റില്ല. അങ്ങേയ്ക്കു അറിയില്ലേ. എങ്ങനെ ഈ വാഹനം റാഷായി ഓടിച്ചുകൊണ്ടുപോകാൻ കഴിയും? ഇതു മോട്ടോർസൈക്കിളാണോ? നെയ്യാറ്റിൻകരയിൽനിന്നും കരമനയിലേക്കുള്ള റോഡിലെ ട്രാഫിക് അങ്ങേക്കറിയില്ലേ? അങ്ങേക്ക് നന്നായി അറിയാം. അങ്ങ് വാഹനത്തിൽ സഞ്ചരിക്കുന്ന ആളാണ്. പോലീസ് കോൺസ്റ്റബിൾ കൈ കാണിച്ചപ്പോൾ നിറയെ വാഴക്കുലയുമായി വളരെ പതുക്കെ വരികയായിരുന്ന ലോറി പിടിച്ചുനിറുത്തി ലോറിയുടെ റിക്കാർഡുകളൊക്കെ പരിശോധിച്ചു. എല്ലാം പൂർണ്ണം. ഉടനെ പറഞ്ഞു ഫസ്റ്റ് എയിഡ് ബോക്സ് പരിശോധിക്കണമെന്ന്. ഫസ്റ്റ് എയിഡ് ബോക്സും പൂർണ്ണം. എന്നിട്ടു പറഞ്ഞു ഫസ്റ്റ് എയിഡ് ബോക്സിനകത്തിരിക്കുന്ന പഞ്ഞി പഴയതാണെന്ന്. എന്നിട്ട് പോലീസ് കോൺസ്റ്റബിൾ ഇയാളോടു പറഞ്ഞു കൈക്കൂലി കൊടുക്കണമെന്ന്. ഒരു ഒഴിഞ്ഞ സ്ഥലത്തു വച്ചാണ് പറഞ്ഞത്. ഈ സംസ്ഥാനത്തുള്ള മുഴുവൻ പത്ര പ്രതിനിധികളും ഈ സംസ്ഥാനത്തുള്ള സകല ഇലക്ട്രോണിക് മീഡിയകളിലും ഇന്നലെ അങ്ങും കണ്ടുകാണും. കണ്ടോ എന്നറിയില്ല. എല്ലാ ആളുകളും കണ്ടതാണ്. എല്ലാ മീഡിയകളിലും വാർത്ത വന്നതാണ്. ഇയാൾ പറഞ്ഞു. എല്ലാ റിക്കാർഡുകളും ശരിയാണ് ഞാൻ ആഴ്ചയിൽ രണ്ടുതവണ എന്റെ സഹപ്രവർത്തകനുമായി ലോറിയിൽ സാധനം കൊണ്ടുപോകുന്നതാണ് ഞാൻ ലോറിത്തൊഴിലാളിയാണ് ഞാൻ രണ്ടുമൂന്നു വർഷം ഗൾഫിൽ ജോലി ചെയ്തശേഷം ജോലി നഷ്ടപ്പെട്ട് തിരിച്ചുവന്ന് ഇവിടെ ജോലി ചെയ്യുന്നതാണ്. എന്റെ കൈവശം കോഴിക്കോട്ടു വരെ പോകാനുള്ള പണം മാത്രമേയുള്ളൂ. എന്റെ കൈയ്യിൽ തരാൻ പണമില്ലെന്നു പറഞ്ഞു. ഇയാൾ ചെയ്ത തെറ്റ് ഞാൻ ഏതെങ്കിലും പിഴ ഒടുക്കണമെങ്കിൽ രസീതു വേണമെന്ന് ആവശ്യപ്പെട്ടു. സ്ഥലത്തുണ്ടായിരുന്ന സബ് ഇൻസ്പെക്ടറുടെ ഭാവം മാറി. മർദ്ദനമേറ്റയാളാണ് എനിക്ക് എഴുതിതന്നത്. അതുകൊണ്ടാണ് അങ്ങ് ഒരു കമ്മ്യൂണിസ്റ്റ് മന്ത്രിയെന്ന് ഞാൻ ഓർമ്മിപ്പിച്ചത്. അങ്ങേക്ക് ടെലിഫോണിൽ വിളിച്ച് ആരോടെങ്കിലും ചോദിക്കാമായിരുന്നു. പ്രതിയാണ് ഇത് എഴുതിതന്നത്. ഏറ്റവും ക്രൂരമായ സംഭവം. രസീതു ചോദിച്ചപ്പോൾ നിനക്ക് രസീതു തരാമെന്നുപറഞ്ഞ് അയാളെ അറസ്റ്റു ചെയ്തുകൊണ്ടുപോകുകയാണ്. എന്റെ കയ്യിലുള്ള പണം തന്നാൽ രസീതു വേണമെന്നു പറ

LIBRARY ARCHIVES Kerala Legislative Assembly

ഞപ്പോൾ നിനക്ക് ഞാൻ നല്ല രസീതു തരാമെന്നുപറഞ്ഞ് ഇയാളെ ട്രാഫിക് പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോകുകയാണ്. പുറകെ ഒരു ലക്ഷം രൂപ വിലയ്ക്കുള്ള ലോറിയും വാഴക്കുലയും സ്റ്റേഷനിലേക്കു കൊണ്ടുപോയി. സ്റ്റേഷനിൽ വന്നിട്ട് ഇയാൾ അമിതമായി മദ്യപിച്ചിരിക്കുകയാണ് ഇവനെ നേരെ ആശുപത്രിയിലേക്ക് കൊണ്ടുപോകാൻ പറഞ്ഞതനുസരിച്ച് ഇയാളെ ആശുപത്രിയിൽ കൊണ്ടുപോയി. പറയുന്നത് യജമാനനല്ലേ. ഇയാളെ വാനിൽ കയറ്റി ആശുപത്രിയിൽ കൊണ്ടുചെന്ന പോലീസുകാരെ ഡോക്ടർ വഴക്കു പറഞ്ഞ് ഇറക്കിവിട്ടു. ജീവിതത്തിൽ ഒരിക്കൽപോലും മദ്യപിച്ചിട്ടില്ലാത്ത ഷാഹുൽ ഹമീദ് ഞാൻ അടിവരയിട്ടു പറയുന്നു-ഞാൻ അയാളോടു ചോദിച്ചു 90 വയസ്സുള്ള അദ്ദേഹത്തിന്റെ പിതാവ് ഫുഡ് കോർപ്പറേഷനിൽ അറുപതു വർഷക്കാലം ചുമട്ടുതൊഴിലാളിയായിരുന്നു. സി.ഐ.ടി.യുവിന്റെ ഈ ജില്ലയിലെ അറിയപ്പെടുന്ന പ്രവർത്തകൻ അലി അഹമ്മദിന്റെ പതിമൂന്നു മക്കളിൽ അഞ്ചു മക്കളും സി.ഐ.ടി.യു പ്രവർത്തകരും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തകൻമാരുമാണ്. അങ്ങേക്കറിയാമോ ഈ തല്ലുകൊണ്ടത് മുഖ്യ മന്ത്രിയുടെ ഓഫീസിനു മുമ്പിൽ വച്ചാണ്. ഇന്നലെ ക്രൂരവും നിഷ്ഠൂരവുമായ അടിയേറ്റ് അദ്ദേഹത്തിന്റെ വീടിന്റെ മുകളിൽ ചെങ്കൊടിയാണ് ഉയർത്തിയിരിക്കുന്നത്.

ടാക്സി ഡ്രൈവേഴ്സ് യൂണിയനിൽ എയർപോർട്ടിൽ ജോലി ചെയ്യുന്ന ഒരു സഹോദരൻ ഇന്നലെ വൈകുന്നേരം എന്റെ മുമ്പിൽ വന്നു നിന്ന് പൊട്ടിക്കരഞ്ഞിട്ട് പറഞ്ഞു, ഞങ്ങളുടെ കുടുംബം മുഴുവൻ കമ്മ്യൂണിസ്റ്റാണ്, ഞങ്ങൾ 5 സഹോദരൻമാരും കമ്മ്യൂണിസ്റ്റ് പാർട്ടി മെമ്പർമാരാണ്, നാലുപേരും ഇപ്പോഴും സി.ഐ.ടി.യു.വിൽ പ്രവർത്തിക്കുന്നവരാണ്, ഈ തല്ലുകൊണ്ട ബ്രദറും സി.ഐ.ടി.യുവിലെ അംഗമാണ്, ഞങ്ങൾ ഗൾഫിൽനിന്നും തിരിച്ചു വന്നതിനുശേഷം മറ്റൊരു പണിക്കും പോയില്ല, ഞങ്ങൾ ലോറി ഓടിച്ച് ജീവിക്കുകയാണ്. ഇത്രയും കഠിനമായി ജോലി ചെയ്യുന്നവരാണ് ഞങ്ങൾ. കൂട്ടികൊണ്ടുപോയിട്ട്.....ഞാൻ അതൊന്നും വിശദീകരിക്കുന്നില്ല. ഡോക്ടർമാർ വിരട്ടിവിട്ട് തിരിച്ചുവന്നു. തിരിച്ചുവന്നിട്ട് എസ്.ഐ.ക്ക് അരിശം തീരാതെ അവിടെയുള്ള നാലഞ്ച് പോലീസുകാർ ചേർന്ന് അദ്ദേഹത്തെ പേപ്പട്ടിയെ തല്ലുന്നതുപോലെ തല്ലി. അങ്ങേക്ക് മനുഷ്യത്വമുണ്ടെങ്കിൽ.....നമ്മൾ മാനവീയം ആഘോഷിക്കുന്ന ഒരു കാലഘട്ടമല്ലേ? അങ്ങേക്ക് മനുഷ്യത്വമുണ്ടെങ്കിൽ, നിയമസഭയുടെ തൊട്ടടുത്താണ് ജനറൽ ഹോസ്പിറ്റൽ. അദ്ദേഹം ഒന്നാം വാർഡിൽ കിടക്കുകയാണ്. അദ്ദേഹത്തിന് നാളെ വണ്ടി ഓടിക്കേണ്ട ഒരു കൈ ചലനമറ്റ് കിടക്കുകയാണ്. അത് ഒരു സ്ലിംഗിൽ ഇട്ടിട്ടുണ്ട്. മുതുകത്ത് മുഴുവൻ അടിയുടെ പാടുണ്ട്. കഴുത്തിന് കോളറിട്ടിരിക്കുകയാണ്. നെഞ്ചിൽ മുഴുവൻ നീരാണ്. ഇത്രയും പത്ര വാർത്ത ഇന്ന് രാവിലെ പുറത്തുവന്നിട്ട് അങ്ങേക്ക് ഇവിടത്തെ ലോക്കൽ കമ്മിറ്റി സെക്രട്ടറിയെ വിളിച്ച് ഇത് ഒന്ന് അന്വേഷിപ്പിച്ചിട്ട് അതുകൂടി മനസ്സിലാക്കിയിട്ട് ഈ സഭയിൽ പറയാത്തതെന്താണ്? എന്നിട്ട് എന്തു ചെയ്തു? അടിച്ച് ബോധ രഹിതനായി. ഈ ആളുടെ കൂടെയുണ്ടായിരുന്ന ക്ലീനർ സുധീർ അരുവിക്കര സ്വദേശിയാണ്. അയാൾ അവിടെ കിടന്ന് നിലവിളിച്ചു. അയാളെയും തല്ലി. അയാളുടെ നിലവിളികേട്ട് ആളുകൾ കൂടുമെന്ന് കണ്ട ഉടൻ രണ്ട് പോലീസുകാരോട് പറഞ്ഞു ഇവനെ പൊക്കിയെടുത്ത് എവിടെയെങ്കിലും കൊണ്ട് ഇട്ടേരെയെന്ന്. സുധീറിനേയും കയറ്റി രണ്ട് പോലീസുകാർ ഈ തൊഴിലാളിയെ.....അങ്ങ് ആലോചിക്കണം. ആരെയും ചൂഷണം ചെയ്യാതെ ആരുടെയും വസ്തുവക മോഷ്ടിക്കാതെ 24 മണിക്കൂർ കഠിനമായി അദ്ധ്വാനിക്കുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളിയെ ബോധരഹിതനായി രണ്ട് മണിക്കൂർ പോലീസ് സ്റ്റേഷനിൽ സൂക്ഷിച്ചതിനുശേഷം, ബഹളമുണ്ടാക്കിയതിനെത്തുടർന്ന് ജനറൽ ഹോസ്പിറ്റലിൽ കൊണ്ടുപോയി. അവിടെനിന്ന് മെഡിക്കൽകോളേജിലേക്ക് മാറ്റി. മെഡിക്കൽ കോളേജിൽ നിന്നും വീണ്ടും ജനറൽ ഹോസ്പിറ്റലിൽ കൊണ്ടുവന്നു. ഇപ്പോൾ അവിടെ കിടക്കുകയാണ്. എനിക്ക് അങ്ങയോട് ഒന്നുരണ്ട് കാര്യങ്ങൾ മാത്രമാണ് ചോദിക്കാനുള്ളത്. ഈ സംഭവം 23-ാം തീയതി നടന്നു. (തടസ്സം)..... ശ്രീ. ആനത്തലവട്ടം ആനന്ദന്റെ ഗ്രൂപ്പാണോ, ശ്രീ. പി. സി. ചെറിയാന്റെ ഗ്രൂപ്പാണോ, ശ്രീ. ചന്ദ്രന്റെ ഗ്രൂപ്പാണോയെന്ന് എനിക്കറിയില്ല. അങ്ങ് ചോദിച്ചതുകൊണ്ട് ഞാൻ അദ്ദേഹത്തിന്റെ മെമ്പർഷിപ്പ് പറയാൻ പോകുകയാണ്. അദ്ദേഹം സി.ഐ.ടി.യു ആണോ എ.ഐ.ടി.യു.സി. ആണോയെന്ന് അങ്ങ് തീരുമാനിച്ചുകൊള്ളുക. തോമസ് എബ്രഹാം പ്രസിഡന്റായിട്ടുള്ള ലോറി ഡ്രൈവേഴ്സ് യൂണിയനിലെ മെമ്പറാണ് ഷാഹുൽ ഹമീദ്. ടാക്സി ഡ്രൈവേഴ്സ് എംപ്ലോയീസ് യൂണിയൻ (സി.ഐ.ടി.യു) എയർപോർട്ടിലെ പതിനാലാമത്തെ മെമ്പറാണ്. ഇദ്ദേഹത്തിന്റെ സഹോദരൻ അബ്ദുൾ വാഹീദ്. ഇദ്ദേഹത്തിന്റെ മറ്റൊരു സഹോദരൻ ഹസ്സൻകുഞ്ഞ്..... അങ്ങേക്ക് അധികാരം തലയ്ക്ക് കയറിയെന്ന് തോന്നുന്നു. അങ്ങ് ആശുപത്രിയിൽ പോയി അന്വേഷിക്കണം. ശ്രീ. കടകംപള്ളി സുരേന്ദ്രനോട് അന്വേഷിക്കാൻ പറയണം. ഇദ്ദേഹം താമസിക്കുന്നത് കണിയാപുരത്താണ്. അതിന്മേൽ എന്തുനടപടി സ്വീകരിച്ചു? വൈകുന്നേരം കർഷകത്തൊഴിലാളികൾ പാറത്തൊഴിലാളികൾ ഇവരൊക്കെ ജോലി കഴിഞ്ഞ് റോഡിൽവന്നു നിൽക്കുമ്പോൾ യജമാനൻമാർ..... നിങ്ങളുടെ രീതി അതായി മാറിയിരിക്കുന്നു. തലസ്ഥാനനഗരിയിൽ വച്ച് അതിക്രൂരമായി ഒരു തൊഴിലാളിയുടെ കൈ അടിച്ച് ഒടിച്ച് അവന് ജീവിക്കൻ നിവൃത്തിയില്ല. നിങ്ങളുടെ സി.ഐ.ടി.യു പ്രവർത്തകന്റെ 16.12.10 വയസ്സുള്ള മൂന്ന് പെൺകുട്ടികളുള്ള ഒരു കുടുംബത്തെ ക്രൂരമായി ഉപദ്രവിച്ചു. എന്റെ അഭിപ്രായം ഞാൻ അങ്ങയോട് പറയുന്നു, ഇതിന് ഉത്തരവാദികളായ പോലീസുദ്യാഗോസ്ഥന്മാരുടെ പേരിൽ അങ്ങ് കർശന നടപടി സ്വീകരിക്കണം. അയാളുടെ കുടുംബത്തിന് നഷ്ടപരിഹാരം കൊടുക്കണം. അങ്ങ് അറിയണം 90,000 രൂപയുടെ വാഴക്കുല കൊണ്ടുവന്നിട്ട് എന്ത് ചെയ്തുവെന്നറിയാമോ? നേരെ കോടതിയിൽ കൊണ്ടുവന്ന് ഹാജരാക്കിയിട്ട് 20,000 രൂപ കൊടുത്തു. ഇന്നത്തെ പത്രങ്ങൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. അത് ആര് കൊടുക്കും? ട്രാഫിക് പോലീസ് സ്റ്റേഷനുകളിലാകെ അഴിമതിയാണ് നടക്കുന്നത്. അങ്ങേക്കറിയാമല്ലോ. ഇതുപോലെ അഴിമതിക്ക് കൂട്ടുനിൽക്കുന്ന പിടിച്ചുപറിക്കുന്ന പോലീസുകാരുടെ.....ഞാൻ പോലീസുകാരുടെ ബാക്ക് ഗ്രൗണ്ട് പറയുന്നില്ല. ഇതിൽ പലർക്കും പണിഷ്മെന്റാണ്. ഗുരുതരമായി തൊഴിലാളികളെ ഉപദ്രവിക്കുന്നു. ലോറി ഡ്രൈവർമാരോട് നിയമപാലകർ കൈക്കൂലി പരസ്യമായി ആവശ്യപ്പെടുന്നു. അത് കൊടുത്തില്ലെങ്കിൽ ക്രൂരമായി മർദ്ദിച്ച് കൊല്ലുന്നു. അതും പോലീസ് കസ്റ്റഡിയിൽവച്ച് കൊല്ലുന്നു. മാരകമായി മർദ്ദിക്കുന്ന ഒരു സംഭവത്തെക്കുറിച്ച് ഈ സഭ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇത് അങ്ങേക്കും അങ്ങയുടെ ഗവൺമെന്റിനും ആവശ്യമാണ്.

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ അത് അർഹിക്കുന്ന ഗൗരവത്തോടുകൂടി ഗവൺമെന്റ് എടുക്കുന്നു. ഷാഹുൽ ഹമീദിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ നിശ്ചയമായും കേസെടുത്ത് നടപടികൾ തുടരും. ഒരു സംശയവും വേണ്ട. ആ പോലീസു



LIBRARY ARCHIVES Kerala Legislative Assembly

കാർക്കെതിരെ കേസെടുക്കും. മാത്രമല്ല, മർദ്ദനം നടത്തിയതിനുത്തരവാദികളായ പോലീസുകാരെ സർവീസിൽനിന്നും മാറ്റി നിറുത്തി കേസെടുക്കും. പിന്നെ സി.ഐ.ടി.യു ആണോ കമ്മ്യൂണിസ്റ്റാണോയെന്നുള്ളത് ഇവിടെ നോട്ടമില്ല. നിയമത്തിന്റെ മുമ്പിൽ ആരായാലും ശരി, ലോറി ഡ്രൈവറുടെ മൊഴിയുടെ അടിസ്ഥാനത്തിൽ പ്രാഥമികമായ മൊഴി വിശ്വസിച്ചു കൊണ്ട് അതിന് ആധാരമാക്കി കേസെടുത്ത് നിയമനടപടികളെടുക്കും. അതിനു മുമ്പ് അന്വേഷണം തകരാറിലാക്കാതിരിക്കാൻ പോലീസുകാരെ സർവീസിൽനിന്നും മാറ്റി നിറുത്തി നടപടിയെടുക്കും. അതുകൊണ്ട് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരു ആവശ്യവുമില്ല.

മി.സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിര പ്രമേയത്തിനുള്ള അവതരണാനുമതി ചെയർ നിഷേധിക്കുന്നു. (അടിയന്തിര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു)

# III. ശ്രദ്ധക്ഷണിക്കൽ

## (1) സംസ്ഥാനത്തെ പ്രൈമറി സ്കൂളുകളോടനുബന്ധിച്ച് അദ്ധ്യാപക രക്ഷാകർത്തൃ സമിതികൾ നടത്തിവരുന്ന പ്രീ-പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപികമാർ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീമതി റോസമ്മ ചാക്കോ : സർ, ഈ ഗവൺമെന്റിന്റെ സവിശേഷ ശ്രദ്ധ ആകർഷിക്കുന്ന ഒരു രംഗമാണ് പ്രീപ്രൈമറി വിദ്യാഭ്യാസം. അതിന് പ്രത്യേക ബില്ലൊക്കെ കൊണ്ടുവരുന്നുണ്ട്. പ്രീപ്രൈമറി എഡ്യൂക്കേഷനെന്ന് പറയുമ്പോൾ നമ്മുടെ വിദ്യാഭ്യാസവകുപ്പുമന്ത്രിയുടെ ഭാഷയിൽ പറഞ്ഞാൽ കണ്ഠകൗപീനം ധരിച്ച സായിപ്പന്മാരെപ്പോലെ വേഷമിടുന്ന, ഇംഗ്ലീഷ് ഭാഷ മാത്രം സംസാരിക്കുന്ന സമൂഹത്തിൽ മേൽത്തരം പൗരന്മാരെ സൃഷ്ടിപ്പിക്കുന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായത്തെപ്പറ്റിയോ ഈ രാജ്യത്ത് തുരുതുരാ പൊന്തി വരുന്ന ഇംഗ്ലീഷ് മീഡിയം പ്രീപ്രൈമറി സ്കൂളിനെപ്പറ്റിയോ അല്ല ഞാൻ പറയുന്നത്. മറിച്ച് നമ്മുടെ സർക്കാർ സ്കൂളുകളോടനുബന്ധിച്ച് സർക്കാരിന്റെ നിർദ്ദേശവും അനുമതിയും സ്വീകരിച്ചുകൊണ്ട് ഏതാണ്ട് 500-ൽപ്പരം ഗവൺമെന്റ് പ്രൈമറി സ്കൂളുകളോടനുബന്ധിച്ച് ഇതുപോലുള്ള പ്രീപ്രൈമറി ക്ലാസുകൾ നടത്തുന്നുണ്ട്. അതിനുള്ള കെട്ടിടങ്ങൾ പി.ടി.എ. നിർമ്മിച്ചുകൊടുക്കണമെന്നാണ് നിയമമെങ്കിലും പ്രീപ്രൈമറി ട്രെയിനിംഗ് പാസ്സായ ജോലിയില്ലാതെ വിഷമിക്കുന്ന കുറെ പെൺകുട്ടികൾ മുന്നോട്ടു വന്നു സാമ്പത്തികശേഷിയുള്ള വീടുകളിലെ പെൺകുട്ടികളൊന്നും നഴ്സറി സ്കൂളുകളിൽ പഠിപ്പിക്കാൻ പോകാറില്ല. അപ്പോൾ ഈ സ്കൂളുകളിൽ ഇതുപോലുള്ള പ്രീപ്രൈമറി ക്ലാസ്സുകൾ ആരംഭിക്കുന്നുവെന്ന് കേട്ടപ്പോൾ നാട്ടിൻപുറങ്ങളിൽ വിദ്യാഭ്യാസമുള്ളവരും, അതേസമയം ജോലിയില്ലാത്തവരുമായ പ്രത്യേക പരിശീലനം ലഭിച്ച കുറെ പെൺകുട്ടികൾ മുന്നോട്ടുവന്നു. താലിമാലപണയം വച്ചും രണ്ടും മൂന്നും സെന്റ് ഭൂമിയുള്ളത് പണയാധാരം വച്ചും കിട്ടിയ തുക കൊണ്ടാണ് പല ഗവൺമെന്റ് സ്കൂളിനോടനുബന്ധിച്ച് അവർ പ്രീപ്രൈമറി ക്ലാസ്സ് നടത്താനുള്ള സൗകര്യമുണ്ടാക്കിയത്. ഏതാണ്ട് 12 വർഷത്തോളമായി ഈ രീതിയിൽ ക്ലാസ്സുകൾ നടത്തിക്കൊണ്ടുപോകുന്നു. അവരുടെ ഇന്നത്തെ സ്ഥിതിയെന്താണെന്നറിയാമോ? കുട്ടികളിൽനിന്ന് 15 രൂപ വീതം ഫീസ് വാങ്ങി അദ്ധ്യാപികമാർ വേതനം പറ്റിക്കൊള്ളണമെന്നാണ് ഗവൺമെന്റ് അന്ന്

LIBRARY ARCHIVES Kerala Legislative Assembly